**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 608** **13-10-2026-ൽ മറുപടിയ്ക്ക്**

**ഇരിണാവിൽ 110 കെ.വി. സബ്സ്റ്റേഷൻ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. വിജിൻ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** കല്ല്യാശ്ശേരി മണ്ഡലത്തിലെ മാട്ടൂൽ, ചെറുകുന്ന്, കണ്ണപുരം, കല്ല്യാശ്ശേരി പഞ്ചായത്തുകളിലെ ജനങ്ങൾ രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ;

**മറുപടി:** വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ഇടങ്ങളിൽ വോൾട്ടേജ് നിലവാരം മെച്ചപ്പെടുത്തുന്നതിനായി 2026-27 വർഷത്തെ ദ്യുതി-2 പദ്ധതിയിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. കൂടാതെ ആവശ്യമായ സ്ഥലങ്ങളിൽ പഴയ എൽ.ടി ലൈനുകൾ മാറ്റി എൽ.ടി-എ.ബി.സി സ്ഥാപിക്കുന്നതും, സിംഗിൾ ഫേസ് കണക്ഷനുകൾ ത്രീ-ഫേസ് ആക്കി മാറ്റുന്നതുമായ പ്രവൃത്തികളും നടന്നുവരുന്നു. ആർ.ഡി.എസ്.എസ് സ്കീമിൽ പഴയങ്ങാടി സബ്സ്റ്റേഷനിൽ നിന്നും മാട്ടൂൽ ഭാഗത്തേക്ക് പുതിയ 11 കെ.വി ഫീഡർ വലിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു.

ധർമ്മശാല – 2 ട്രാൻസ്ഫോർമറുകൾ 100KVA യിൽ നിന്ന് 160KVA ആയി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്.

- 15 KM L.T ABC ലൈൻ വലിച്ചു.

- 2028-29 സാമ്പത്തിക വർഷത്തിൽ 5 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും പുതിയ എച്ച്.ടി ഫീഡറും ശിപാർശ ചെയ്തിട്ടുണ്ട്.

മാടായി – 160KVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി-4എണ്ണം, 100KVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി-3എണ്ണം, മാട്ടൂലിലേക്ക് 11കെ.വി. യു.ജി കേബിൾ-3.5 KM, 11KV ലൈൻ നിർമ്മാണം 1 KM LT ABC ഉപയോഗിച്ച് റീ-കണ്ടക്ടറിംഗ് 4KM എന്നീ പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

മാട്ടൂൽ, ചെറുകുന്ന്, കണ്ണപുരം, കല്യാശ്ശേരി പഞ്ചായത്തുകളിൽ നിലവിൽ നേരിടുന്ന വൈദ്യുതി പ്രശ്നങ്ങളുടെ പരിഹാരമായി ഇരിണാവിൽ ഒരു 33 kV സബ്സ്റ്റേഷൻ അടുത്ത അഞ്ച് വർഷത്തേക്കുള്ള പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**(ബി)** മേല്പറഞ്ഞ പഞ്ചായത്തുകളിലെ ജനങ്ങൾ നേരിടുന്ന രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഇരിണാവിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** ഇരിണാവ് പ്രദേശത്തെ വൈദ്യുതി പ്രശ്നങ്ങൾക്ക് താൽക്കാലിക പരിഹാരം കാണുന്നതിനായി ഒരു 11 കെ.വി. ഫീഡർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പ്രസരണ മേഖലയിലെ പ്രവൃത്തികൾക്ക് അടിയന്തര പ്രാധാന്യം നൽകി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**